പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4090 — 21.07.2015-ലെ മറുപടിക്ക്

ക്ഷീരവരം പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ : | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ ക്ഷീരവികസന മേഖലയിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, ക്ഷീരകർഷകരുടെ ക്ഷേമത്തിനുമായി പാലക്കാട് ജില്ലയിൽ ക്ഷീരവരം എന്ന പദ്ധതിയ്ക്ക് രൂപം നല്കിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(സി) ക്ഷീരവരം പദ്ധതിയ്ക്കായി എന്തെല്ലാം സഹായങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭ്യമാക്കുക എന്ന് വിശദമാക്കുമോ ?. | (ബി & സി) | ഉണ്ട്. പാലക്കാട് ജില്ലയിലെ ക്ഷീരസംഘം പ്രതിനിധികളുടെ യോഗതീരുമാനപ്രകാരം പാലക്കാട് പാക്കേജ് ഫോർ ഡെയറി ഡെവലപ്മെന്റ് അഥവാ ക്ഷീരവരം എന്ന പേരിൽ പാലക്കാട് ജില്ലയ്ക്കു വേണ്ടി തയ്യാറാക്കിയ പദ്ധതി നിർദ്ദേശം പാലക്കാട് ജില്ലാ ഓഫീസർ മുഖേന വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ടി പദ്ധതി തൻവർഷത്തെ പ്ലാൻ പദ്ധതി നിർദ്ദേശങ്ങളിലോ ബഡ്ജറ്റ് വിഹിതത്തിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതിയും ഫണ്ടും ലഭ്യമാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ